ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടി നടപ്പ് സാമ്പത്തിക വർഷത്തിൽ 37621.10 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുക 24000 ലക്ഷം രൂപയാണ്. അതു കൂടാതെ പദ്ധതിയിതര ഇനത്തിൽ 5331.46 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) ഒക്ടോബർ 31 വരെ 3004.50 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നവംബർ മാസം ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി)&(ഡി) ഉണ്ട്. പ്രത്യേക ഘടക പദ്ധതി പ്രകാരം പട്ടികജാതി കോളനികളിൽ റോഡ് നിർമ്മാണം, റോഡ് ടാറിടൽ എന്നിവയ്ക്കുള്ള തുക മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വിനിയോഗിച്ചതായി പരാതി ലഭിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പട്ടിക വിഭാഗക്കാർക്കായി തയ്യാറാക്കുന്ന പ്രോജക്ടുകൾ പരിശോധിക്കുന്നതിന് സംസ്ഥാന ജില്ല, ബ്ലോക്ക് തല വിദഗ്ദ്ധ സമിതികളും തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള കർമ്മ സമിതികളും നിലവിലുണ്ട്.

വിവിധ വകുപ്പുകൾ മുഖേനയുള്ള പദ്ധതികൾ, അതാതു ജില്ലയിലെ പട്ടികവിഭാഗ എം.എൽ.എ. മാരും പട്ടികവിഭാഗത്തിൽപ്പെട്ട സാമൂഹ്യപ്രവർത്തകരും അംഗങ്ങളായുള്ള ജില്ലാതല പട്ടികജാതി/വർഗ്ഗ വികസന സമിതിയുടെ അംഗീകാരത്തോടെയാണ് നടപ്പാക്കുന്നത്.

മുഴുവൻ പദ്ധതികളും അവലോകനം ചെയ്യുന്നതിന് ഈ സമിതിക്ക് അധികാരമുണ്ട്.

12 (178) ഐ.ടി.സി. കളിലെ ബിൽഡിംഗ് ടെക്നോളജി കോഴ്സ്

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.സി. കളിൽ ബിൽഡിംഗ് ടെക്നോളജി കോഴ്സിന് പഠിച്ച് സർട്ടിഫിക്കറ്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് പ്ലാൻ, എസ്റ്റിമേറ്റ് സൂപ്പർവൈസിംഗ് ജോലിക്ക് പഞ്ചായത്തുകളിൽ അംഗീകാരം നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഭാഗങ്ങളിൽ ഇവർക്ക് വൈസൻസ് ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

13 (179) പിന്നോക്ക-പട്ടിക സമുദായത്തിൽപ്പെട്ടവർക്ക് കമ്പ്യൂട്ടർ പഠനത്തിന് പദ്ധതി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly